**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 372** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഉപയോഗത്തിലില്ലാത്ത വാണിജ്യ കെട്ടിടങ്ങളുടെ നികുതി പുന:പരിശോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, വാണിജ്യാവശ്യങ്ങൾക്ക് നിർമ്മിച്ച കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതെയോ ഉടമസ്ഥർ ഉപയോഗിക്കാതെയോ ഒഴിഞ്ഞു കിടക്കുന്ന അവസ്ഥയിലും മുഴുവൻ കെട്ടിട നികുതി ഈടാക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ഉപയോഗത്തിൽ ഇല്ലാത്തതോ ഒഴിഞ്ഞു കിടക്കുന്നതോ ആയ വാണിജ്യാവശ്യങ്ങൾക്ക് നിർമ്മിച്ച കെട്ടിടങ്ങൾക്ക് നികുതി പൂർണ്ണമായും ഒഴിവാക്കുന്നതിനോ കുറച്ച് നൽകുന്നതിനോ വേണ്ട നടപടി കൈക്കൊള്ളുമോ; ഈ വ്യവസ്ഥ പുന:പരിശോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ബി) | 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(1) പ്രകാരവും, 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(1) പ്രകാരവും ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക നികുതി ഇളവ് അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ട് |

സെക്ഷൻ ഓഫീസർ